**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം-2024 ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലെയും സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2024 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള ആദ്യഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെയും പ്രവേശന പരീക്ഷയിലെ റാങ്കിന്റേയും അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

മേൽ വെബ്സൈറ്റിലെ **'B.Pharm 2024-Candiate Portal'**-ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനു ശേഷം **'Allotment Result'** എന്ന മെനു ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് വിവരം അറിയാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് ഹോം പേജിൽ പ്രവേശിച്ചതിനു ശേഷം **'Data Sheet'** എന്ന മെനു ക്ലിക്ക് ചെയ്ത് **Data Sheet** പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക **7.3.8**-ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **21.01.2025 മുതൽ 24.01.2025 വൈകുന്നേരം 4.00 മണിക്ക് മുൻപ്** ബന്ധപ്പെട്ട കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പാൾമാർ **24.01.2025**

വൈകുന്നേരം **5.00** മണിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം **(OAMS)** മുഖേന സമർപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. അത്തരം അപേക്ഷകർ സ്ട്രേ വേക്കൻസി ഫില്ലിംഗ് ഒഴികെയുള്ള അലോട്ട്മെന്റുകളിൽ പങ്കെടുക്കുന്നതിന് യോഗ്യരായിരിക്കില്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 20-01-2025 18:30:30

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**20-01-2025**